**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1383** **03-02-2026 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ബി. ആർ. ഡി. സി. (ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്)യുടെ നേതൃത്വത്തിൽ കൂടുതൽ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; | (എ) | കാസറഗോഡ് ജില്ലയിലെ തീരപ്രദേശ പഞ്ചായത്തുകളായ അജാനൂർ, പള്ളിക്കര, ഉദുമ, ചെമ്മനാട് എന്നിവ ഉൾപ്പെടുന്ന ബേക്കൽ സ്പെഷ്യൽ ടൂറിസം ഏരിയ കേന്ദ്രീകരിച്ചാണ് ബി.ആർ.ഡി.സി വഴി ബേക്കൽ പദ്ധതി നടപ്പിലാക്കി വരുന്നത്. ബി.ആർ.ഡി.സി വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>- ചെമ്പരിക്കയിലെ റിസോർട്ട് സൈറ്റിൽ റിസോർട്ട് നിർമ്മാണം<br><br>-അജാനൂർ പഞ്ചായത്തിലെ കൊളവയലിൽ റിസോർട്ട് സൈറ്റ് പാട്ടകരാർ വ്യവസ്ഥയിൽ നൽകുന്നതിനായി ടെൻഡർ ക്ഷണിച്ചു.<br><br>- ബേക്കലിൽ ബി.ആർ.ഡിസി-ക്ക് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച സ്ഥലം ടൂറിസം പദ്ധതിക്കായി സജ്ജമാക്കുന്നു.<br><br>- പള്ളിക്കരയിൽ ബേക്കൽ ടൂറിസം സെന്റർ പദ്ധതി നടപ്പിലാക്കാനായി കരാറിൽ ഒപ്പിട്ട് തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>- ബേക്കൽ കോട്ടയ്ക്കടുത്ത് കഫെ ഡി ബേക്കൽ പദ്ധതി പൂർത്തീകരിച്ചു വരുന്നു. |
| (ബി) | കവ്വായി കായൽ, വലിയ പറമ്പ് വില്ലേജ്, അഴീത്തല തെക്കെക്കാട്, മാടക്കാൽ പ്രദേശങ്ങളിൽ ടൂറിസം പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ? | (ബി) | വലിയ പറമ്പ കായലിന്റെ തീരത്തായി ആയിറ്റി, ഇടയിലക്കാട് എന്നിവിടങ്ങളിൽ ബി.ആർ.ഡി.സി.യുടെ അമിനിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. നീലേശ്വരത്തിനടുത്ത് കോട്ടപ്പുറം കേന്ദ്രമാക്കി ബി.ആർ.ഡി.സി.യുടെ സ്ഥലത്ത് ബാക്ക് വാട്ടർ ടൂറിസം ഫെസിലിറ്റി സെന്റർ പാട്ടക്കരാർ വ്യവസ്ഥയിൽ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അഴീത്തല ബീച്ച് ടൂറിസം പദ്ധതിയുടെ ഡിപിആർ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കവ്വായി കായൽ, വലിയ പറമ്പ് വില്ലേജ്, മാടക്കാൽ പ്രദേശങ്ങളിൽ ടൂറിസം സാധ്യത, സ്ഥല ലഭ്യത, ഫണ്ട് ലഭ്യത എന്നിവയ്ക്ക് അനുസൃതമായി ടൂറിസം പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ